# നല്ല നോട്ടുരീതി. ആർ ബി ഐ

**ഡിസംബർ 5, 2002**

ശ്രീ വെപ കാമേശം ഡപ്യൂട്ടി ഗവർണർ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ ബാങ്കുകളോട് നിർദ്ദേശിച്ചത് 2001 നവംബറിൽ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ നൽകിയ നിർദ്ദേശങ്ങൾ നടപ്പാക്കുവാനാണ്. അതനുസരിച്ച് നോട്ടുകൾ സ്റ്റാപ്പിൾ ചെയ്യുന്ന രീതി കളഞ്ഞ് പേപ്പർ, പോളിത്തീൻ എന്നിവ ഉപയോഗിച്ച് കെട്ടുന്നതിനാണ്. ഇങ്ങനെ ചെയ്താൽ കറൻസി നോട്ടുകളുടെ ആയുസ് വർദ്ധിക്കും. ഇന്ന് അദ്ദേഹം ഡൽഹിയിൽ പൊതുവിഭാഗം ബാങ്കുകളുടെ ചീഫ് എക്സിക്യൂട്ടീവുകളുടെയും മറ്റ് വിഭാഗം ബാങ്കുകളുടെയും യോഗം വിളിച്ചുകൂട്ടി റിസർവ് ബാങ്ക് ഇൻഡ്യയുടെ നല്ലനോട്ട് രീതി നടപ്പാക്കാനുള്ള പദ്ധതിയെക്കുറിച്ച് ചർച്ച നടത്തും. നല്ല നോട്ടുകളും നാണയങ്ങളും ജനങ്ങൾക്ക് നൽകുകയും ചീത്തയായവ പിൻവലിക്കുന്നതിനുമാണിത്. ബാങ്കുകളോട് റിസർവ് ബാങ്ക് നിർദ്ദേശിച്ചത് ബാങ്കിൽ വരുന്ന ചീത്ത നോട്ടുകൾ വീണ്ടും വിതരണം ചെയ്യാതിരിക്കുകയും നല്ല നോട്ടുകൾ മാത്രം വിതരണം ചെയ്താൽ മതി എന്നുമാണ്. സി വി പി എസ് എന്ന വളരെവേഗതയുള്ള നോട്ട് പരിശോധിച്ച് തരംതിരിക്കൽ യന്ത്രമാണ് റിസർവ് ബാങ്ക് സ്ഥാപിച്ചിട്ടുള്ളത്. അത് ഒരു മണിക്കൂറിൽ 50000 മുതൽ 60000 വരെ നോട്ടുകൾ കഷണങ്ങളാക്കി വീണ്ടും ബ്രിക്കറ്റുകളാക്കി മാറ്റുന്നതാണ്.

1999 നു ശേഷം, ഗവർണ്ണർ നല്ല നോട്ട് രീതി പ്രഖ്യാപിച്ച ശേഷം നോട്ടും നാണയങ്ങളും ലഭ്യമാക്കുന്നതിന് പല പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. കറൻസിനോട്ടുകളുടെയും ബാങ്ക്നോട്ടുകളുടെയും എഴുതരുതെന്നും പൊതുജനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ചീത്തയായതും അംഗഭംഗം വന്നതുമായ നോട്ടുകൾ മാറിത്തരുന്നതിന് യാതൊരു നിയന്ത്രണവും ഇല്ല. റിസർവ് ബാങ്കിന്റെ നിർദ്ദേശമനുസരിച്ച് ഇടപാടുകാരല്ലങ്കിൽപോലും നല്ല നോട്ടുകൾ നൽകണമെന്നാണ് ബാങ്കുകളുടെ നോട്ട് ചെസ്റ്റ് ബ്രാഞ്ചുകളെ ഉപദേശിച്ചിരിക്കുന്നത്. എന്നാൽ ഈ കാര്യത്തിൽ ശരിയായപരിഹാരം ഉണ്ടായില്ലെന്നും പൊതു വ്യവസായ സംഘങ്ങളുടെയും മറ്റും പരാതികൾ ഇപ്പോഴുമുണ്ട്.

എന്നാൽ ചില നിക്ഷിപ്ത താല്പര്യപ്രവർത്തനങ്ങൾ നടക്കുന്നതായും ചെസ്റ്റ് ബാങ്കുകളും മറ്റും ചില പ്രത്യേകനിരക്കിലുള്ള നോട്ടുകൾ സ്വീകരിക്കുന്നില്ലെന്നും പരാതിയുണ്ട്. ഇത് പരിഹരിക്കാനായി റിസർബ് ബാങ്ക് മാസംതോറും നിശ്ചിത നിരക്ക് നാണയം ഈ കറൻസി ചെസ്റ്റുകൾക്ക് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. റിസർവ് ബാങ്ക് പരീക്ഷണാർത്ഥം ഇതിന് പരിഹാരമുണ്ടാക്കാനുള്ള മാർഗ്ഗങ്ങൾ നടപ്പാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ ഈ വർഷം മുതൽ സെപ്റ്റംബർ, നവംബർ മാസങ്ങളിൽ ഒരു മാസത്തിൽ, ഞായറാഴ്ച കറൻസി ചെസ്റ്റ് ബ്രാഞ്ചുകൾ തിരഞ്ഞെടുക്കുന്ന സ്ഥലങ്ങളിൽ ചെറിയ നാണയങ്ങൾ കൊടുക്കുകയും ചീത്ത നോട്ടുകൾ പിൻവലിക്കുന്നതിനും ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ജനങ്ങളിൽ നിന്ന് ഇതിന് വലിയ പിന്തുണ ലഭിച്ചതായി റിപ്പോർട്ടുണ്ട്. ഇത് സ്ഥിരമായി നടത്തുന്നതിനും,

ഞായറാഴ്ചയും, സ്ഥലവും, തിരഞ്ഞെടുക്കുന്നതിനുള്ള അവകാശവും ബാങ്കിനായിരിക്കുമെന്നും തീരുമാനിച്ചിട്ടുണ്ട്.

ഡപ്യൂട്ടി ഗവർണർ വ്യക്തമാക്കിയത് ഇതിന് ചെസ്റ്റ് ബ്രാഞ്ചുകളും ചെസ്റ്റ് ബ്രാഞ്ചുകളല്ലാത്തതും വലിയ സഹകരണം നൽകണമെന്നാണ്. അതുകൊണ്ട് ജനങ്ങൾക്ക് പിൻ ചെയ്യാത്ത നോട്ടുകളും റിസർവ് ബാങ്കിന് നശിപ്പിക്കാൻ പിൻ ചെയ്യാത്ത നോട്ടുകളും ലഭിക്കുന്നതാണ്. ഈ പരിപാടിയനുസരിച്ച് നോട്ടുകളും നാണയങ്ങളും മറ്റും കൊടുക്കുകയും സ്വീകരിക്കുകയും ചെയ്യാൻ സഹകരണം നൽകാൻ റിസർവ് ബാങ്ക് റീജിയണൽ ഡയറക്ടർമാർക്ക് എല്ലാ ബാങ്കുകളോടും നിർദ്ദേശിക്കാൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാങ്കുകൾ എല്ലാവിധ സഹകരണവും നൽകുമെന്നും നല്ല നോട്ട് രീതിയ്ക്ക് നിർദ്ദേശം നൽകാനുള്ള ഇടപെടൽ വേണ്ടിവരില്ലെന്നും അദ്ദേഹം പ്രതീക്ഷിക്കുന്നതായി വ്യക്തമാക്കി.

അൽപ്പനാ കില്ലാവാല<br>ജനറൽ മാനേജർ

പത്രക്കുറിപ്പ്
2002-2003/589